REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകൾ കേന്ദ്രഗവൺമെന്റ് ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.
- രാജ്യസഭയിൽ ഭരണഘടനയുടെ 75 വർഷത്തെ ജൈത്രയാത്ര സംബന്ധിച്ച പ്രത്യേക ചർച്ച ഇന്നും തുടരും.
- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജയ്പൂരിൽ 46,300 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കമിടും.
- വാഹനാപകടങ്ങൾ കുറയ്ക്കാൻ സംസ്ഥാനത്ത് പൊലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത പരിശോധന കർശനമാക്കും.
- കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ അഞ്ചാം ദിവസമായ ഇന്ന് 67 സിനിമകൾ പ്രദർശിപ്പിക്കും.

## വാർത്തകൾ വിശദമായി

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകൾ കേന്ദ്രഗവൺമെന്റ് ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. കേന്ദ്ര നിയമ മന്ത്രി അർജ്ജുൻ റാം മേഘ്-വാൾ ആയിരിക്കും ഭരണഘടനയുടെ 129 -ാം ഭേദഗതി ബില്ലും, യൂണിയൻ ടെറിട്ടറീസ് നിയമ ഭേദഗതി ബില്ലും സഭയിൽ കൊണ്ടുവരുന്നത്. 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് ' വിഷയത്തിൽ ഉന്നതതല സമിതിയുടെ ശിപാർശകൾ അടുത്തയിടെ ഗവൺമെന്റ് സ്വീകരിച്ചിരുന്നു. ബിൽ പരിഗണനാ വേളയിൽ സഭയിൽ ഹാജരാൻ BJP സാമാജികർക്ക് വിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

രാജ്യസഭയിൽ ഭരണഘടനയുടെ 75 വർഷത്തെ ജൈത്രയാത്ര സംബന്ധിച്ച പ്രത്യേക ചർച്ച ഇന്നും തുടരും. ഇന്നലെ ധനമന്ത്രി നിർമ്മലാ സീതാരാമനാണ് സഭയിൽ ചർച്ചയ്ക്ക് തുടക്കമിട്ടത്. ഭരണഘടനയെ ഒരു കുടുംബത്തിന്റെ വിഷയമാക്കി മാറ്റാൻ കോൺഗ്രസ് ശ്രമിച്ചുവെന്ന ആരോപണത്തോടെയാണ് നിർമ്മലാ സീതാരാൻ ചർച്ചയാരംഭിച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്.

.....(വോയ്സ്)...

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സ്വാതന്ത്ര്യം നേടിയ അൻപതിലേറെ രാജ്യങ്ങളിൽ പലതും അവരുടെ ഭരണഘടന തിരുത്തിയെഴുതുകയോ, പാടേ മാറ്റുകയോ ചെയ്തിട്ടുണ്ടെന്ന് നിർമ്മലാ സീതാരാമൻ പറഞ്ഞു. എന്നാൽ ഇന്ത്യയുടെ കാര്യത്തിൽ ഭരണഘടന കാലാതീതമായി നിലനിൽക്കുകയാണ്. രാജീവ്ഗാന്ധി ഗവൺമെന്റിന് പാർലമെന്റിൽ വൻഭൂരിപക്ഷമുണ്ടായിട്ടും വനിതാസംവരണ ബിൽ കൊണ്ടുവന്നതും പാസാക്കിയതും NDA ഗവൺമെന്റാണെന്ന് നിർമ്മലാ സീതാരാമൻ വ്യക്തമാക്കി.

ചർച്ചയിൽ പങ്കെടുത്ത കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, NDA ഗവൺമെന്റ് ഭരണഘടനയെ തുരങ്കം വെയ്ക്കുകയാണെന്ന് ആരോപിച്ചു. പ്രായപൂർത്തി വോട്ടവകാശം കൊണ്ടുവന്നതും, തൊഴിലുറപ്പു പദ്ധതിയും, ഭക്ഷ്യസുരക്ഷാ നിയമവും, ഭൂപരിഷ്ക്കരണവും ആവിഷ്ക്കരിച്ചതും കോൺഗ്രസ് ഗവൺമെന്റുകളാണെന്ന് അദ്ദേഹം അവകാശപ്പെട്ടു. ഭരണപക്ഷത്തെയും, പ്രതിപക്ഷത്തെയും നിരവധി നേതാക്കളും ചർച്ചയിൽ പങ്കെടുത്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജയ്പൂരിൽ രാജസ്ഥാനിലെ 46,300 കോടി രൂപയുടെ ഊർജ്ജ-ഗതാഗത-റെയിൽ-ജലസേചന പദ്ധതികൾക്ക് തുടക്കമിടും. 11,000 കോടിയിൽപ്പരം രൂപയുടെ പൂർത്തീകരിച്ച ഒൻപത് പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും. 3,000 മെഗാവാട്ട്

സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾക്കും പ്രധാനമന്ത്രി തറക്കല്ലിടും.

✪✪✪

സംസ്ഥാനത്തെ അതിവേഗ നഗരവൽക്കരണം ഗതാഗത പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും ഇത് പരിഹരിക്കാൻ സാധ്യമായ എല്ലാ നടപടികളും ഗവൺമെൻറ് കൈക്കൊണ്ടു വരികയാണെന്നും മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു.

301 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പെരുമ്പാവൂർ ബൈപാസിന്റെ ഒന്നാംഘട്ട നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വാഹനാപകടങ്ങൾ കുറയ്ക്കാൻ സംസ്ഥാനത്ത് പൊലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത പരിശോധന കർശനമാക്കാൻ ഇന്നലെ ചേർന്ന ഉന്നതതല പൊലീസ് യോഗം തീരുമാനിച്ചു. മദ്യപിച്ചും, അശ്രദ്ധമായും വാഹനമോടിപ്പിക്കുന്നവർക്കും, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാത്തവർക്കും, അമിത വേഗത്തിൽ വാഹനമോടിക്കുന്നവർക്കും എതിരെ കർശന നടപടിയെടുക്കും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്).........

എല്ലാ ജില്ലകളിലും റോഡ് സുരക്ഷാ അതോറിറ്റി യോഗങ്ങൾ ഇതിന്റെ ഭാഗമായി വിളിച്ചു ചേർക്കും. റോഡ് നിർമാണത്തിലെ അപാകത പരിഹരിക്കാനും, ഗതാഗത സുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കാനും പദ്ധതി തയ്യാറാക്കും. ഇതിന്റെ ചുമതല റോഡ് സുരക്ഷാ അതോറിറ്റിക്കായിരിക്കും. ഗതാഗത നിയമങ്ങളെക്കുറിച്ച് അവബോധവും, കാൽ നട യാത്രക്കാർക്ക് ബോധവൽക്കരണവും നൽകും. പിഴ കൃത്യമായി അടക്കുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേക പരിശോധനകളും അദാലത്തുകളും നടത്താനും യോഗത്തിൽ തീരുമാനമായി.

ആൽക്കോ മീറ്ററുകളും സ്പീഡ് റഡാറുകളും ഉപയോഗിച്ച് ദേശീയ പാതയിൽ മുഴുവൻ സമയ പരിശോധനയും നടത്തും. സംസ്ഥാന പാതകളിലും മറ്റു പ്രധാന റോഡുകളിലും AI ക്യാമറകൾ സ്ഥാപിക്കാൻ

നിർദ്ദേശം തയ്യാറാക്കുന്നതിന് ട്രാഫിക് IG യെ യോഗം ചുമതലപ്പെടുത്തി.

✪✪✪

കണ്ണൂരിൽ ഒരാൾക്ക് M-പോക്സ് സ്ഥിരീകരിച്ചു. അബുദാബിയിൽ നിന്ന് നാട്ടിലെത്തിയ വയനാട് സ്വദേശിയായ 24 കാരനാണ് രോഗം ബാധിച്ചത്. പരിയാരം മെഡിക്കൽ കോളേജിൽ ഇയാളുടെ ചികിത്സയ്ക്ക് പ്രത്യേക സംഘത്തെ നിയോഗിച്ചു.

വിദേശത്തു നിന്നെത്തിയ തലശ്ശേരി സ്വദേശിയെയും M-പോക്സ് ലക്ഷണത്തെ തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

✪✪✪

വയനാട് പയ്യമ്പള്ളി കൂടൽക്കടവിൽ പട്ടികവർഗ്ഗ യുവാവിനെ റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിലെ കാർ പൊലീസ് കണ്ടെത്തി. പ്രതികൾ സഞ്ചരിച്ച KL 52 H 8733 നമ്പർ മാരുതി സെലേറിയോ കാറാണ് മാനന്തവാടി കണിയാമ്പറ്റ ഭാഗത്ത് നിന്നും ഇന്നലെ കസ്റ്റഡിയിലെടുത്തത്. പ്രതികളെ പിടികൂടാനുള്ള ഊർജ്ജിത ശ്രമം തുടരുകയാണ്. പ്രതികൾ കർണാടകത്തിലേക്ക് കടന്നതായാണ് സൂചന. സംഭവത്തിൽ വകുപ്പ് മന്ത്രിയുടെ അനാസ്ഥ ആരോപിച്ച് ഇന്ന് കോൺഗ്രസ് മന്ത്രി OR കേളുവിന്റെ മാനന്തവാടി ഓഫീസിലേക്ക് മാർച്ചും നടത്തും.

✪✪✪

കോതമംഗലം കുട്ടമ്പുഴ ഉരുളൻതണ്ണിയിൽ ഇന്നലെ രാത്രി യുവാവിനെ കാട്ടാന ചവിട്ടിക്കൊന്നു. ക്ണാച്ചേരി കോടിയാട്ട് എൽദോസ് എന്ന 40 കാരനാണ് മരിച്ചത്. എട്ട് മണിയോടെ ബസിറങ്ങി വീട്ടിലേക്ക് പോകും വഴിയാണ് എൽദോസിനെ കാട്ടാന ആക്രമിച്ചത്. സംഭവത്തിൽ പ്രതിഷേധിച്ച നാട്ടുകാർ സ്ഥലത്തെത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥരെ തടഞ്ഞുവെച്ചു. എട്ട് മണിക്കൂറിന് ശേഷമാണ് സ്ഥലത്തു നിന്ന് മൃതദേഹമെടുക്കാൻ ജനങ്ങൾ സമ്മതിച്ചത്. കുടുംബത്തിന് പത്ത് ലക്ഷം രൂപ ആശ്വാസധനം നൽകാമെന്ന് സ്ഥലത്തെത്തിയ ജില്ലാകളക്ടർ ഉറപ്പു നൽകി. സൗരോർജ്ജവേലി നിർമ്മാണം വേഗത്തിലാക്കുമെന്നും കളക്ടർ അറിയിച്ചു.

ഇന്ന് കോതമംഗലത്തും കുട്ടമ്പുഴയിലും വന്യജീവി ആക്രമണത്തിനെതിരെ ജനകീയസമിതി  ഹർത്താലിന് ആഹ്വാനം നൽകിയിട്ടുണ്ട്.

✪✪✪

ഉപഭോക്താക്കൾക്ക് അധികബാധ്യത വരാതെയാണ് വൈദ്യുതി നിരക്കിൽ നേരിയ വർധന നടപ്പാക്കുന്നതെന്ന്  മന്ത്രി K.കൃഷ്ണൻകുട്ടി പറഞ്ഞു. കോഴിക്കോട് പന്തീരാങ്കാവ് 110 KV സബ്സ്റ്റേഷൻ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു  മന്ത്രി. സബ്സിഡി ആനുകൂല്യവും പകൽ സമയത്തെ വൈദ്യുതി ഉപയോഗത്തിന് ഇളവുമടക്കം സൗജന്യങ്ങൾ നിലനിർത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവ. വനിതാകോളേജ് ഗ്രൗണ്ട് നവീകരണവും,  കായിക വിദ്യാർഥികളുടെ ഹോസ്റ്റൽ, സ്വിമ്മിങ്ങ് പൂൾ എന്നിവയുടെ നിർമാണവും മന്ത്രി V അബ്ദു റഹിമാൻ രാവിലെ ഉദ്ഘാടനം ചെയ്യും.  അഞ്ചു കോടി രൂപ ചെലവിലാണ് മൈതാനം നവീകരിക്കുന്നത്.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ അഞ്ചാം ദിവസമായ ഇന്ന്  67 സിനിമകൾ പ്രദർശിപ്പിക്കും.  ഫെസ്റ്റിവൽ ഫേവറിറ്റ്സ് വിഭാഗത്തിൽ 7 ചിത്രങ്ങളും മലയാളം സിനിമ ടുഡേ വിഭാഗത്തിൽ 4 ചിത്രങ്ങളും അടക്കം സിനിമകളുടെ നീണ്ട നിരതന്നെ ഇന്ന് ചലച്ചിത്ര പ്രേമികൾക്ക് മുന്നിലെത്തും.

ചലച്ചിത്ര മേളയുടെ  കൂടുതൽ വിശേഷങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട്.

....(വോയ്സ്)......

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ - ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ഇന്ന് അഞ്ച് വിക്കറ്റിന് 105 റൺസെന്ന നിലയിൽ നാലാം ദിവസത്തെ  ബാറ്റിംഗ് പുനഃരാരംഭിക്കും.  ബ്രിസ്ബെയ്നിൽ ഇന്നലെ കളി നിർത്തുമ്പോൾ ഇന്ത്യ 340 റൺസിന് പിന്നിലാണ്.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിന്റെ ഫൈനൽ റൗണ്ട് മത്സരങ്ങളിൽ ഇന്ന് കേരളം മേഘാലയയെ നേരിടും. ഹൈദരാബാദിൽ രാത്രി 7.30 നാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC പഞ്ചാബ് FCയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

പത്തനംതിട്ട കോന്നി മുറിഞ്ഞകൽ അപകടത്തിൽ മരിച്ച നാലു പേരുടേയും സംസ്കാരം മറ്റന്നാൾ ഉച്ചയ്ക്ക് നടത്തും. കോന്നി മല്ലശേരി പൂങ്കാവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലാണ് പൊതുദർശനത്തിനു ശേഷം സംസ്കാരം നടത്തുക.

✪✪✪

പുതുച്ചേരി ലെഫ്റ്റനെന്റ് ഗവർണർ K. കൈലാഷ്നാഥൻ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് മാഹിയിലെത്തും. ഗവണ്മെന്റ് ജനറൽ ആശുപത്രിയിൽ പുതുതായി സജ്ജീകരിച്ച 10 കിടക്കകളോട് കൂടിയ ICU അദ്ദേഹം ഉദ്ഘാടനം ചെയ്യും. ദീപാവലി സൗജന്യ അരി വിതരണവും, പുതുതായി അനുവദിച്ച ചുവപ്പ് റേഷൻ കാർഡിന്റെ വിതരണവും ഉൾപ്പെടെ വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

✪✪✪

35-ാമത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് ഈ മാസം 31 മുതൽ ജനുവരി മൂന്ന് വരെ കണ്ണൂരിൽ നടത്തും. സംഘാടക സമിതി ഓഫീസ് വൈകീട്ട് ഉദ്ഘാടനം ചെയ്യും.

✪✪✪

മെക്- 7 കൂട്ടായ്മയെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ കോഴിക്കോട്ട് പ്രസ്താവനയിൽ ആവശ്യപ്പെട്ടു. സംഘടനയുടെ ഫണ്ടിംഗിനെ കുറിച്ചും വിദേശ ബന്ധത്തെക്കുറിച്ചും അന്വേഷിക്കണമെന്നും, ആവശ്യമെങ്കിൽ കേന്ദ്ര ഏജൻസികളെ ആശ്രയിച്ച് അന്വേഷണം നടത്തണമെന്നും സുരേന്ദ്രൻ നിർദ്ദേശിച്ചു.

✪✪✪

കോഴിക്കോട് കോട്ടൂളി തണ്ണീർത്തടം മണ്ണിട്ടു നികത്തുന്നതിനെതിരെ നിയമനടപടിയെടുക്കണമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശ് ആവശ്യപ്പെട്ടു. ഇതിനെതിരായ പ്രദേശവാസികളുടെ പ്രക്ഷോഭത്തെ BJP പിന്തുണയ്ക്കുമെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. തണ്ണീർത്തടം നികത്തിയ പ്രദേശം രമേശ് സന്ദർശിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തോടനുബന്ധിച്ച് ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് രാവിലെ മന്ത്രി V അബ്ദുറഹ്മാൻ സ്ഥലം സന്ദർശിക്കും. മുതിർന്ന ഉദ്യോഗസ്ഥരും കിയാൽ MD യും മന്ത്രിയോടൊപ്പമുണ്ടായിരിക്കും.

✪✪✪